**ശ്രദ്ധക്ഷണിക്കൽ**

(1) മലബാർ ദേവസ്വം ബോർഡ് ഭരണം കാലാനുസൃതമായി പരിഷ്കരിക്കൽ

ശ്രീ. ടി. ഐ. മധുസൂദനൻ നായർ: സർ, വളരെ പ്രധാനപ്പെട്ടതും ഗൗരവമുള്ളതുമായ ഒരു വിഷയമാണ് ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ സഭയുടെ മുന്നിൽ അവതരിപ്പിക്കുന്നത്. 1951-ൽ നിലവിൽവന്ന ഹിന്ദു റിലീജിയസ് എൻഡോവ്മെന്റ് ചാരിറ്റബിൾ ആക്ട് അനുസരിച്ചാണ് ഇന്നും മലബാർ ദേവസ്വം ബോർഡ് പ്രവർത്തിക്കുന്നത്. തികച്ചും ഉദ്യോഗസ്ഥ ഭരണത്തിൻകീഴിൽ ഈ വകുപ്പിനെ ഇന്നത്തെ സാഹചര്യത്തിൽ കാര്യങ്ങൾ നിർവ്വഹിച്ചുപോകാൻ കഴിയുന്നില്ല എന്നുള്ളതാണ് ഈ രംഗത്തുണ്ടായിരുന്ന ഏറ്റവും ഗൗരവമേറിയ വിഷയം. 1994-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 'സുവോ മോട്ടോ' കേസ്സ് ഫയലിൽ സ്വീകരിക്കുകയും മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ച് ഈ രംഗത്തെ ജീവനക്കാരുടെയും ക്ഷേത്ര ഭരണത്തിന്റെയും പ്രശ്നങ്ങളിൽ ജനാധിപത്യപരമായ ഉള്ളടക്കമുണ്ടാകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണത്തിനുള്ള യാതൊരു നടപടിയും അന്ന് ഭരിച്ചിരുന്ന

യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരുന്നില്ല. പിന്നീട് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് 2008-ൽ മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള നിയമം നടപ്പാക്കിയത്. ദീർഘകാലത്തെ ഒരാവശ്യം അംഗീകരിച്ച് നടപ്പാക്കാൻ സന്നദ്ധമായത് 1400-ൽ അധികം ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന 7000-ൽ അധികം വരുന്ന ജീവനക്കാർക്ക് നൽകിയ പ്രതീക്ഷയും ആവേശവും വിവരണാതീതമാണ്. ഈ നിയമം കൊണ്ടുവന്നെങ്കിലും ഇതിന്റെ ഗുണപരമായിട്ടുള്ള കാര്യങ്ങളെല്ലാം ജീവനക്കാർക്കും ക്ഷേത്ര ഭരണത്തിലും പ്രതിഫലിച്ചുവെന്ന് പറയാൻ കഴിയില്ല. കൂലിയെന്നുപോലും പറയാൻ കഴിയാത്ത നാമമാത്രമായ പ്രതിഫലത്തിനാണ് മലബാർ മേഖലയിലെ ക്ഷേത്ര ജീവനക്കാർ ഈ നിയമം നടപ്പിൽവരുന്നതുവരെ പ്രവർത്തിച്ചിരുന്നത്. 1951-ലെ Madras Hindu Religious and Charitable Endowments Act അനുസരിച്ചാണ് ഇപ്പോഴും മലബാറിലെ ക്ഷേത്രകാര്യങ്ങൾ നടന്നുവരുന്നത്. ദേവീദേവന്മാരുടെ ദാസൻമാരെന്ന നിലയിൽ സേവനം അനുഷ്ഠിക്കുക, കിട്ടുന്നത് വാങ്ങുക എന്ന

അവസ്ഥയിൽനിന്നും ദേവസ്വം ബോർഡ് ജീവനക്കാർക്ക് പുതുജീവൻ നൽകിയത് 2008-ലെ നിയമനിർമ്മാണത്തിലൂടെ എൽ.ഡി.എഫ്. സർക്കാരാണ്. വരുമാനാടിസ്ഥാനത്തിൽ നാലുതട്ടുകളായിട്ടുള്ള ക്ഷേത്രങ്ങളാണ് മലബാറിലുള്ളത്. ഭൂരിപക്ഷം ക്ഷേത്രങ്ങളും വരുമാന കാര്യത്തിൽ വളരെയേറെ പരിമിതിയിൽ നിൽക്കുന്നവയാണ്. ദൈനംദിന നടത്തിപ്പിലും ജീവനക്കാർക്ക് വേതനം നൽകാനും കഴിയാത്ത സ്ഥിതിയാണ് തുടർന്നുവരുന്നത്. ഗവൺമെന്റ് നൽകുന്ന ഗ്രാന്റുപയോഗിച്ചാണ് വരുമാനമില്ലാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകിവരുന്നത്. ഇപ്പോൾതന്നെ എട്ടുമാസം മുതൽ ഒരു വർഷം വരെയായി പല ക്ഷേത്രം ജീവനക്കാർക്കും ശമ്പളം മുടങ്ങിക്കിടക്കുന്ന സ്ഥിതി നിലനിൽക്കുകയാണ്. മറ്റ് ദേവസ്വം ബോർഡുകളിലേതുപോലെ എല്ലാ ക്ഷേത്രങ്ങളിലെയും വരുമാനം സമാഹരിക്കാൻ മലബാർ ദേവസ്വം ബോർഡിന് കഴിഞ്ഞാൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ദേവസ്വം ഭരണം കാര്യക്ഷമമാക്കാനും ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകാനും മറ്റുമായി സമഗ്ര ദേവസ്വം നിയമം

അനിവാര്യമായി വന്നിരിക്കുകയാണ്. 7 വർഷത്തിലധികമായി നിയമപരിഷ്കരണ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചെങ്കിലും ബിൽ ഇതുവരെ നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. ഈ ബിൽ കൊണ്ടുവരണമെന്ന് സർക്കാരിന് താല്പര്യമുണ്ടെന്ന് തന്നെയാണ് വിവിധ ഘട്ടങ്ങളിലെ പ്രതികരണങ്ങളിൽനിന്നും മനസ്സിലാകുന്നത്. പക്ഷേ, ഈ ബിൽ യാഥാർത്ഥ്യമാക്കുന്നതിന് ഇതുവരെ നടപടി കൈക്കൊള്ളാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് പ്രധാനപ്പെട്ടൊരു വിഷയമാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, മലബാർ ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടന്നിട്ട് ഒന്നര ദശകമായി. 2021-ൽ പുതുക്കിയ ശമ്പള പരിഷ്കരണ ഉത്തരവ് വന്നെങ്കിലും നടപ്പിലാക്കാനായിട്ടില്ല. അനോമലി പരിഹരിച്ച് പുതിയ ഉത്തരവ് ഇറക്കിയെങ്കിലും അത് മരവിപ്പിച്ചിരിക്കുകയാണ്. ആചാരസ്ഥാനികരുടെ ആനുകൂല്യ വർദ്ധനയും പുതിയ അപേക്ഷ സ്വീകരിക്കേണ്ട കാര്യവും സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കണമെന്നുകൂടി ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പയ്യന്നൂർ അംഗം ശ്രീ. ടി. ഐ. മധുസൂദനൻ ശ്രദ്ധക്ഷണിക്കലിലൂടെ ഇവിടെ പറഞ്ഞ കാര്യങ്ങൾ മലബാർ ദേവസ്വവുമായി ബന്ധപ്പെട്ടുള്ളതാണ്. തിരുവിതാംകൂർ, കൊച്ചി, കൂടൽമാണിക്യം, ഗുരുവായൂർ, മലബാർ എന്നിങ്ങനെ 5 ദേവസ്വം ബോർഡുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഈ അഞ്ച് ദേവസ്വങ്ങളിലും വ്യത്യസ്ത നിയമങ്ങളനുസരിച്ചാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 1950-ലെ ട്രാവൻകൂർ- കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട്, 1951-ലെ Madras Hindu Religious and Charitable Endowments Act, 1978-ലെ ഗുരുവായൂർ ദേവസ്വം ആക്ട്, 2005-ലെ കൂടൽ മാണിക്യം ദേവസ്വം ആക്ട്. ഇതനുസരിച്ചുകൊണ്ടാണ് ഓരോ ദേവസ്വങ്ങളും പ്രവർത്തിച്ചുവരുന്നത്. മലബാർ ദേവസ്വത്തിന്റെ കാര്യത്തിൽ ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, ഹൈന്ദവ ക്ഷേത്രങ്ങളുടെ മേൽനോട്ടത്തിനായി 2008-ൽ Madras Hindu Religious and Charitable Endowments Act ഭേദഗതി ചെയ്യുകയുണ്ടായി. അങ്ങനെയാണ് മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചത്. മലബാർ ഭാഗത്തെ ഏകദേശം 1403 ക്ഷേത്രങ്ങളുടെ

ഭരണച്ചുമതലയാണ് ക്ഷേത്രഭരണം ഏറ്റെടുത്തത്. അതത് ക്ഷേത്രത്തിന്റെ ട്രസ്റ്റ് ബോർഡ് അല്ലെങ്കിൽ ട്രസ്റ്റിമാരുടെ പരിധിയിലാണ് ഈ ക്ഷേത്രങ്ങളുടെ ഭരണം പോകുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ കൂടൽമാണിക്യം തുടങ്ങിയ ദേവസ്വം ബോർഡുകൾ പോലെതന്നെ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലും ആ സംവിധാനം കൊണ്ടുവരുന്നതിനെ കുറിച്ചുതന്നെയാണ് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. ആ സിസ്റ്റം കൊണ്ടുവരുന്നതിനുള്ള ബിൽ, വ്യത്യസ്ത ഘട്ടങ്ങളിൽ ചർച്ച ചെയ്യപ്പെട്ട് കൊണ്ടുവരണം എന്നുതന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അതിന് ആവശ്യമായ നടപടികളെല്ലാം സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു റിപ്പോർട്ടും സമർപ്പിക്കുകയുണ്ടായി. പിന്നീട് ആ റിപ്പോർട്ട് ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായ നിയമ പരിഷ്കരണ കമ്മീഷൻ പരിശോധിച്ച് വിശദമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ബില്ലിന്റെ നിയമപരമായും ധനപരമായുമുള്ള

വസ്തുതകൾ പരിശോധിച്ച് അഭിപ്രായങ്ങൾ ലഭ്യമാക്കുന്നതിന് നിയമം, ധനകാര്യ വകുപ്പുകൾക്ക് നൽകുകയും ചെയ്തു. പ്രസ്തുത വകുപ്പുകൾ ആയത് വിശദമായി പരിശോധിച്ച് അഭിപ്രായം ലഭ്യമാക്കുകയും ചെയ്യുകയുണ്ടായി. മലബാർ ദേവസ്വം ബിൽ പ്രാബല്യത്തിൽ വരുമ്പോൾ മദ്രാസ് സംസ്ഥാനത്ത് നിലനിന്നിരുന്ന പഴയ നിയമത്തിനുപകരം തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിൽ നിലനിൽക്കുന്ന രീതിയിൽ സംസ്ഥാനത്തിന്റേതായ പുതിയ നിയമം നിർമ്മിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ സൂക്ഷ്മ പരിശോധന നടത്തിവരികയാണ്. വരുന്ന അസംബ്ലി സമ്മേളനത്തിൽ മലബാർ ദേവസ്വം നിയമം കൊണ്ടുവരാൻ കഴിയുമെന്നുള്ള പ്രതീക്ഷയാണുള്ളത്. സർക്കാർ ഈ മലബാർ ദേവസ്വം ബോർഡിന്റെ വരുമാന പരിധിയെല്ലാം പരിശോധിക്കുകയുണ്ടായി. അതിൽ 1403 ക്ഷേത്രങ്ങളുള്ളതിൽ അവയെ 5 ഗ്രേഡുകളായിട്ടാണ് തിരിച്ചിട്ടുള്ളത്. 4 കോടി രൂപയ്ക്ക് മുകളിൽ വരുമാനമുള്ള സൂപ്പർ ഗ്രേഡിൽ 7 ക്ഷേത്രങ്ങളും 75 ലക്ഷം മുതൽ 4 കോടി രൂപ വരെ വരുമാനമുള്ള ഗ്രേഡ് 1-ൽ 31 ക്ഷേത്രങ്ങളും 25 ലക്ഷം മുതൽ 75 ലക്ഷം രൂപ വരെ വരുമാനമുള്ള ഗ്രേഡ് 2-ൽ 76 ക്ഷേത്രങ്ങളും 10 ലക്ഷം മുതൽ 25 ലക്ഷം രൂപ

വരെ വരുമാനമുള്ള ഗ്രേഡ് 3-ൽ 115 ക്ഷേത്രങ്ങളുമാണുള്ളത്. 10 ലക്ഷം രൂപയ്ക്കുതാഴെ വരുമാനമുള്ള ഗ്രേഡ് 4-ൽ 1174 ക്ഷേത്രങ്ങളുണ്ട്. ഇതിൽ വരുമാനം കുറവുള്ള ക്ഷേത്രങ്ങളുടെ എണ്ണമാണ് കൂടുതലുള്ളതെന്ന് കാണാൻ സാധിക്കും. 2016-ൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ശമ്പളത്തിനും അതുപോലെതന്നെ അറ്റകുറ്റപ്പണികൾക്കും ആചാരസ്ഥാനിയർക്കും കോലധാരികൾക്കുമുള്ള ധനസഹായം തുടങ്ങി വിവിധ കാര്യങ്ങൾക്കായി മലബാർ ദേവസ്വം ബോർഡിന് 249.63 കോടി രൂപ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആചാരസ്ഥാനിയർക്കും കോലധാരികൾക്കുമുള്ള ധനസഹായ വർദ്ധിപ്പിച്ചുനൽകണമെന്നുള്ള അഭിപ്രായം തന്നെയാണ് ഗവൺമെന്റിനുമുള്ളത്. തീർച്ചയായും അത് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൂടി സ്വീകരിക്കുമെന്നുകൂടി ഈ സന്ദർഭത്തിൽ പറയുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കഴിഞ്ഞ സഭയിലും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് ശമ്പള പരിഷ്കരണ ഉത്തരവ് ധനകാര്യ വകുപ്പിന്റെ മുന്നിലാണുള്ളത്, അത് സമയബന്ധിതമായി നടപ്പിലാക്കുമെന്നാണ്. ഇത് എന്നേയ്ക്ക് നടപ്പിലാക്കാൻ സാധിക്കും എന്നത് വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ധനകാര്യ വകുപ്പിന്റെ പരിശോധനയിലായിരുന്നു അത്. ചില അനോമലികൾ ഉണ്ടായിരുന്നു. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുവേണ്ടിയുള്ള നടപടികൂടി സ്വീകരിച്ചിട്ടുണ്ട്. അത് എത്രയും വേഗം നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(2) മാവൂർ ഗ്വാളിയാർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കൽ

ശ്രീമതി കെ. കെ. രമ: സർ, കേരളത്തിന്റെ വ്യാവസായിക ഭൂപടത്തിൽ തലയെടുപ്പോടെ നിലകൊണ്ടിരുന്ന മാവൂർ ഗ്വാളിയാർ റയോൺസ് ചരിത്രത്തിന്റെ ഭാഗമായിട്ട് രണ്ട് പതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു. 1958-ൽ കേരള സർക്കാരാണ് മാവൂർ ഗ്വാളിയാർ റയോൺസിനുവേണ്ടി 236.43 ഏക്കർ ഭൂമി ഏറ്റെടുത്തത്. ഇതിന്റെ വില കൊടുത്തത് കമ്പനിയാണ്. എന്നാൽ വ്യാവസായിക ആവശ്യത്തിന് ഈ ഭൂമി ഉപയോഗിക്കാത്ത സാഹചര്യത്തിൽ ഭൂമി സർക്കാരിൽ തിരിച്ച് ഏൽപ്പിക്കണമെന്നാണ് അന്ന് ഉണ്ടാക്കിയ കരാർ പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നത്. കേരളത്തിന്റെ വ്യാവസായികവൽക്കരണം എന്ന ലക്ഷ്യത്തെ മുൻനിർത്തി കുറഞ്ഞ വിലയ്ക്ക്

മുള, യൂക്കാലി തുടങ്ങിയ വന വിഭവങ്ങളും വെള്ളം, വൈദ്യുതി എന്നിവയും സർക്കാർ ലഭ്യമാക്കി. അതായത്, നാടിന്റെയാകെ പൊതുമുതലാണ് തൊഴിലിനും വ്യാവസായിക വികസനത്തിനുമായി കമ്പനിക്ക് വിട്ടുനൽകിയത്. മൂവായിരത്തോളം സ്ഥിരം തൊഴിലാളികളും ആയിരത്തിഅഞ്ഞൂറോളം കരാർ, കാഷ്വൽ തൊഴിലാളികളുമുൾപ്പെടെ 4500-ഓളം പേർക്ക് നേരിട്ടും പതിനായിരത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകിയിരുന്ന ഈ സ്ഥാപനം 2001-ൽ സ്ഥിരം തൊഴിലാളികൾക്കുമാത്രം നഷ്ടപരിഹാരം നൽകി അടച്ചുപൂട്ടുകയുണ്ടായി. കമ്പനി അടച്ചുപൂട്ടിയതിനുശേഷം വിവിധ സർക്കാരുകൾ ഈ ഭൂമി ഏറ്റെടുത്തുകൊണ്ട് വിജ്ഞാപനം ഇറക്കിയിരുന്നു. എന്നാൽ ഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ഉന്നയിച്ച് 2017-ൽ കേരള പ്രവാസി അസോസിയേഷൻ എന്നൊരു സംഘടന നൽകിയ കേസിൽ സർക്കാർ കൗണ്ടർ അഫിഡവിറ്റ് സമർപ്പിച്ചതുപോലും 2021-ലാണ്. ഏറ്റവും ഒടുവിലായി 10-10-2017-ലെ ജി.ഒ. നമ്പർ (എം.എസ്.) 19/2017 പ്രകാരം സ്ഥലം ഏറ്റെടുത്തതായി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 16.10.2018-ന് കമ്പനി WP(C) No. 33103/217 നമ്പർ

പെറ്റീഷൻ പ്രകാരം സ്റ്റേ വാങ്ങി. അതിപ്പോഴും തുടരുന്നു. ഇതിനിടയിൽ 23 തവണ തുടർച്ചയായി സർക്കാർ വക്കീൽ കേസിന് ഹാജരായിട്ടില്ല. ഇപ്പോൾ ഈ ഭൂമി വനഭൂമിക്ക് സമാനമായിട്ടുണ്ട്. വന്യജീവികളുൾപ്പെടെയുള്ളവയുടെ അക്രമം മനുഷ്യ ജീവന് ഭീഷണിയാകുന്നു. പന്നിശല്യം കാരണം കൃഷിക്കാർക്ക് ഒരു വിളയും കിട്ടുന്നില്ല. കൂടാതെ സാമൂഹ്യ വിരുദ്ധരുടെ താവളമായും ഭൂമിയും കെട്ടിടവും മാറുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. അമ്പലവും പള്ളിയും സ്കൂളുമൊക്കെ അടങ്ങിയ മാവൂരിലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഭൂമിയാണ് സർക്കാർ ഏറ്റെടുത്ത് കൈമാറിയത്. നാടിന്റെ വ്യാവസായിക വളർച്ചയ്ക്ക് നമ്മുടെ പിതാമഹന്മാർ കൈമാറിയ ഈ ഭൂമി ഇന്ന് ഒരു സാമൂഹിക പ്രശ്നമായിത്തീർന്നിരിക്കുകയാണ്. ഏതൊരു പദ്ധതിയും നടപ്പാക്കുന്നതിൽ നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളി ഭൂമി ഏറ്റെടുക്കലാണ്. എന്നാൽ ഇവിടെ ഏതുതരം സംരംഭകർക്കും അനുയോജ്യമായ എല്ലാവിധ സൗകര്യങ്ങളുമുള്ള ഏക്കർ കണക്കിന് ഭൂമിയാണ് കാടുകയറി നശിക്കുന്നത്. വിമാനത്താവളം, റെയിൽവേ സ്റ്റേഷൻ, ഷിപ്പ് യാർഡ് തുടങ്ങി എല്ലാ സൗകര്യങ്ങളും ചുറ്റുവട്ടത്തുതന്നെ നിലവിലുണ്ട്. നമ്മുടെ നാടിന് അനുയോജ്യമായതും അഭ്യസ്തവിദ്യരായ

യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാകുന്നതിന് ഉതകുന്നതുമായ ഒരു സംരംഭം ഈ ഭൂമിയിൽ ഉണ്ടാകേണ്ടതുണ്ട്. വ്യവസായം തുടങ്ങാൻ പോകുന്നു എന്ന പ്രതീതി ജനിപ്പിച്ച് മാനേജ്മെന്റ് ഭൂമി കൈവശം വച്ചുപോരുന്നു. എന്നാൽ പുതിയ സംരംഭങ്ങളൊന്നും യാഥാർത്ഥ്യമാക്കാൻ ബിർള മാനേജ്മെന്റിന് നാളിതുവരെ കഴിഞ്ഞിട്ടില്ല. ഇതോടെ ഭൂമി സർക്കാരിനെ തിരിച്ചേൽപ്പിക്കാൻ കമ്പനി ബാധ്യസ്ഥമായിരിക്കുകയാണ്. ഭൂമി കമ്പനിയിൽനിന്ന് തിരിച്ചുപിടിക്കണമെന്ന് ആവശ്യപ്പെട്ട് മാവൂരിൽ രാഷ്ട്രീയ പാർട്ടികളും വ്യാപാരി വ്യവസായി സംഘടനകളും ചേർന്ന് ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രക്ഷോഭം നടത്തിവരികയാണ്. ഇക്കാര്യത്തിൽ നിയമ നടപടികളിൽ കക്ഷി ചേരുന്നതിനും ഈ ഭൂമി ഏറ്റെടുത്ത് ഉചിതമായ വ്യവസായം ആരംഭിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുന്നതിനും മാവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭൂമി വിട്ടുനൽകാൻ കമ്പനി തയ്യാറാകുന്നില്ലെങ്കിൽ നിയമപരമായ നടപടികളോടെ ഭൂമി ഏറ്റെടുക്കുന്നതിന് അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കണം എന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ സർക്കാരിനോട് അഭ്യർത്ഥിക്കുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ പ്രസക്തമായ ഒരു കാര്യമാണ് ബഹുമാന്യയായ അംഗം ഇവിടെ അവതരിപ്പിച്ചത്. 2006 മാർച്ച് 21-ന് അന്നത്തെ സർക്കാരാണ് വ്യവസായ ആവശ്യങ്ങൾക്ക് ഭൂമി ഉപയോഗിക്കാതെ ആ സ്ഥാപനം അടച്ചുപൂട്ടിയ സാഹചര്യത്തിൽ ഭൂമി തിരിച്ചുപിടിക്കാനുള്ള ഉത്തരവിടുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ 238.41 ഏക്കർ ഭൂമി ഏറ്റെടുത്ത്, വില അവർ കൊടുത്തതാണെങ്കിലും വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുമ്പോൾ വ്യവസായം നിർത്തുകയാണെങ്കിൽ ആ ഭൂമി തിരികെ സർക്കാരിലേയ്ക്ക് എടുക്കാമെന്ന വ്യവസ്ഥയിൽ കൊടുത്തതാണ്. ഇതുകൂടാതെ 82.37 ഏക്കർ ഭൂമി കമ്പനി നേരിട്ട് പർച്ചേസ് ചെയ്തതുമാണ്. എന്നാൽ 2006-ൽ വി.എസ്.അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് ഈ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ആ വർഷം തന്നെ അവർ ഹൈക്കോടതിയിൽ പോയി അതിന് സ്റ്റേ വാങ്ങുകയാണ് ചെയ്തത്. പിന്നീട് വന്ന യു.ഡി.എഫ്. സർക്കാർ 2016 മാർച്ചിൽ ഭൂമി തിരിച്ചുപിടിക്കാനുള്ള ഉത്തരവ് റദ്ദാക്കി. 04-03-2016-ൽ പുറത്തിറക്കിയ G.O.(Rt.)No.251/2016/ID ഉത്തരവ് പ്രകാരം ഇവരും കിൻഫ്രയും ചേർന്ന് പി.പി.പി. മോഡലിൽ ഈ കമ്പനി,

ജനറൽ മാനുഫാക്ച്വറിംഗ്, ഹൈ-ടെക് മാനുഫാക്ച്വറിംഗ് ആൻഡ് സർവ്വീസ് പാർക്ക്, സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാനാണ് ഭൂമി തിരിച്ചുപിടിക്കാനുള്ള ഉത്തരവ് റദ്ദാക്കിക്കൊണ്ട് പുതിയ ഉത്തരവ് പുറത്തിറക്കിയത്. എന്നാൽ അതിന്മേൽ പിന്നീട് ഒരുതരത്തിലുള്ള നടപടിയും സ്വീകരിച്ചിരുന്നില്ല. ബഹുമാനപ്പെട്ട പിണറായി വിജയൻ അധികാരത്തിൽ വന്ന കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2017 ജൂൺ 20-ന് പുതിയ സർക്കാർ ഉത്തരവ് പ്രകാരം ഈ ഭൂമി തിരിച്ചുപിടിക്കാനുള്ള ഉത്തരവ് വീണ്ടുമിറക്കുകയാണ് ചെയ്തത്. ഇതിന് മൂന്ന് ഘട്ടമുണ്ട്, 2006-ൽ ഭൂമി തിരിച്ചുപിടിക്കാൻ തീരുമാനിച്ചു, 2016-ൽ അത് അവർക്കുതന്നെ പി.പി.പി. മോഡൽ കൊടുക്കാനായി നിലവിലുണ്ടായിരുന്ന ഉത്തരവ് റദ്ദ് ചെയ്തു. വീണ്ടും ഭൂമി തിരിച്ചുപിടിക്കാൻ കഴിഞ്ഞ സർക്കാർ തീരുമാനമെടുത്തു. ഇവിടെ ബഹുമാന്യയായ അംഗം പരാമർശിച്ചതുപോലെ, ആ തീരുമാനം കോടതി ഇപ്പോൾ സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. നിലവിൽ എ.ജി. ആവശ്യപ്പെട്ടതനുസരിച്ച് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ലെയ്സൺ ചെയ്യുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് പ്രകാരം ഒരു

ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് അറ്റോർണിയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഹൈക്കോടതി ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ 2022 ഒക്ടോബർ 10-ന് ജില്ലാ കളക്ടർ ഹൈക്കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. കേസ് വീണ്ടും കോടതി മുൻപാകെ തീർപ്പാക്കാനാവശ്യമായ നടപടികളും സ്വീകരിച്ചുവരികയാണ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, വലിയ ഏക്കർ ഭൂമിയാണ് മാവൂരിൽ വ്യവസായ ആവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കുന്നത്. അങ്ങനെയാണെങ്കിൽ ആ ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള വ്യവസായം നടത്തുന്നതിനുള്ള രൂപരേഖ സർക്കാർ തയ്യാറാക്കിയുണ്ടോ; അങ്ങനെ ഇത് ഏറ്റെടുത്താൽ ഉന്നത ഉദ്യോഗസ്ഥരും നിയമവിദഗ്ദ്ധരുമുൾപ്പെടെയുള്ള ഒരു ടീം രൂപീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, സാധാരണയായി ഭൂമി നമ്മുടെ കയ്യിൽ വരുമ്പോൾ മാത്രമേ അത് സംബന്ധിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സർക്കാർ ഉത്തരവ് പ്രകാരം സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഏത് സ്വഭാവത്തിലാണെങ്കിലും ആ ഭൂമി വ്യവസായ ആവശ്യങ്ങൾക്കുതന്നെ വിനിയോഗിക്കാൻ കഴിയണം. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും

പുതിയ വ്യവസായങ്ങൾക്കാവശ്യമായ ഇടമൊരുക്കാനും ആ ഭൂമി വിനിയോഗിക്കാൻ കഴിയണം എന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്.

(റിപ്പോർട്ട് സമർപ്പണം)